# ഗവ: യു പി എസ് വിതുര

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26

# മലയാളം യുപി വിഭാഗം

## ആമുഖം

മലയാളഭാഷയുടെ പ്രാധാന്യം കുട്ടികളിൽ കുറഞ്ഞു വന്നു കൊണ്ടിരിക്കുന്നു .ഭാഷ ആശയവിനിമയത്തിന് മാത്രമുള്ള ഉപാധി . അല്ല സാംസ്കാരിക വികസനത്തിനുള്ളത് കൂടിയാണ് എന്നും അറിവിനെ പരിഷ്കരിക്കുക, നേടിയ അറിവിനെ നൂതന സാഹചര്യങ്ങളിൽ പ്രയോഗിക്കുക എന്നും മനസ്സിലാക്കുന്ന രീതിയിലാണ് ഇവിടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ പരിഗണിച്ച് ക്ലാസ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു. ഭാഷാ പഠന ശേഷി വർദ്ധിപ്പിക്കുന്നതിനായി ക്ലാസ് റൂം ലൈബ്രറി വിപുലീകരിക്കാൻ, പുസ്തക ആസ്വാദനം, പുതിയ രചനകൾ, അഭിമുഖം, പത്രവാർത്ത രചന, ഭാഷാ പതിപ്പ്, ഹെൽപ്പിംഗ് ഹാൻഡ്, സചിത്ര നിഘണ്ടു തയ്യാറാക്കൽ തുടങ്ങി വിവിധതരം പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയാണ് ഈ മാർഗരേഖ തയ്യാറാക്കിയിരിക്കുന്നത് .

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 . ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വള.ർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ(ആസ്വാദനക്കുറിപ്പ്,കഥ,കവിത,യാത്രാനുഭവം,അനുഭവക്കുറിപ്പ് )അവതരിപ്പിക്കുന്നു.<br>ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br><br>വാക്യങ്ങളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡ് ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം .<br><br>അഭിമുഖം<br>സാഹിത്യ നിരൂപകനും പത്രപ്രവർത്തകനുമായ ശ്രീ രാജേഷ് കെ എരുമേലിയുമായി അഭിമുഖം . | ജൂൺ, ജൂലൈ | മലയാള അധ്യാപകർ ,വിദ്യാരംഗം കലാസാഹിത്യവേദി | പിടിഎ ആൻഡ് സ്റ്റാഫ് |

| | | | | |
|---|---|---|---|---|
| 2. ക്ലാസ്, സ്കൂൾ ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിനും കൈപുസ്തകങ്ങൾ ഗ്രന്ഥങ്ങൾ എന്നിവ വായിക്കുവാനും സൃഷ്ടിക്കുവാനും ഉള്ള ശേഷി നേടുന്നു | വായനാദിനാചരണം<br>കഥാരചന, സാഹിത്യ ക്വിസ് ,പുസ്തക വായന ,തുറന്ന വായനശാല, സാഹിത്യനായകന്മാരുടെ ചിത്ര പ്രദർശനം, കാർട്ടൂൺ ചിത്രം വര, ഉപന്യാസ രചന സാഹിത്യകാരന്മാരും ആയുള്ള അഭിമുഖം ,പോസ്റ്റർ പ്രദർശനം വീട്ടിൽ ഒരു വായനാമുറി . | ജൂൺ ജൂലൈ | എല്ലാ അധ്യാപകരും പിടിഎ അംഗങ്ങളും | പിടിഎ ആൻഡ് സ്റ്റാഫ് |
| 3. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്താ ലോകത്തേക്ക്<br>പത്രം ,ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു .<br><br>വാർത്താവായന മത്സരം<br>നവമാധ്യമങ്ങളുടെ സഹായത്താൽ വാർത്തകൾ നൽകി കുട്ടികളെ കൊണ്ടു വായിക്കുന്നു .ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു . | എല്ലാ ദിവസവും<br><br>പ്രതിമാസം | ക്ലാസ് അധ്യാപകർ മലയാളം ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | ക്വിസ് മത്സരം<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ,ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | പ്രതിമാസം | | |
| 4. ഭാഷയുടെ വിവിധ വ്യവഹാര രൂപങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു | വിവിധ രചനകൾ<br>വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ, ശില്പശാല ,കഥ, കവിത രചനകൾ | ഫെബ്രുവരി മാർച്ച് | മലയാളം അധ്യാപകർ, വിദ്യാലയം കലാസാഹിത്യവേദി | പിടിഎ ആൻഡ് സ്റ്റാഫ് |
| 5. വിവിധ കലാരൂപങ്ങൾ പരിചയപ്പെടുന്നു | കലാരൂപങ്ങളുടെ ചിത്രങ്ങളും അവയുടെ കുറിപ്പും ഉൾപ്പെടുത്തി സചിത്ര നിഘണ്ടു | വർഷാവസാനം | മലയാളം അധ്യാപകർ | |
| 6. മാതൃഭാഷാ ദിനത്തിൽ ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി ഉറപ്പിക്കുന്നു | മാതൃഭാഷാ ദിനത്തിൽ വിവിധ കവികളുടെ കവിതകൾ അവതരിപ്പിക്കുന്നു. മലയാളഭാഷാ പതിപ്പ് പ്രകാശനം | നവംബർ | മലയാളം അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| 7. പത്രവാർത്ത രചനയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ എങ്ങനെയാണെന്ന് മനസ്സിലാക്കുന്നു | പുഷ്പോത്സവം നടത്തുന്നു | സെപ്റ്റംബർ | അധ്യാപകർ ,പിടിഎ | പിടിഎ ആൻഡ് സ്റ്റാഫ് |
| 8.പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ . | രംഗാവിഷ്കാരം<br>പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു | അക്കാദമിക് വർഷം | അധ്യാപകർ | |
| 9. മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | ഇ-കമ്പ്യൂട്ടറിംഗ് .<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുന്നു | അക്കാദമി വർഷം | അധ്യാപകർ | |

## മേഖല യു പി ക്ലാസുകൾ
## ഇംഗ്ലീഷ്

**ആമുഖം**

എല്ലാ വിദ്യാർത്ഥികളും പഠന പ്രവർത്തനത്തിൽ പങ്കെടുക്കുന്ന വിധം ക്ലാസ്റൂം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികളുടെ സർവ്വതോന്മുഖ വികാസത്തിന് ലക്ഷ്യം വച്ചുള്ളതായിരിക്കണം പഠന പ്രക്രിയകൾ. Listening, Speaking, Reading and Writing തുടങ്ങിയ അടിസ്ഥാന ശേഷികളിൽ ഉണ്ടാവുന്ന കുറവ് വിദ്യാർത്ഥികളിൽ പഠനവിഭവത്തിന് കാരണമായേക്കാം. അതിനാൽ അടിസ്ഥാന ശേഷികൾക്ക് പ്രാധാന്യം നൽകുന്നതാണ് ഇംഗ്ലീഷ് ഭാഷയുടെ മാസ്റ്റർ പ്ലാൻ

**ലക്ഷ്യം**

### 1. Listening, Speaking, Reading and Writing

ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ കേട്ട് മനസ്സിലാക്കുന്നതിനും പറഞ്ഞ് പ്രകടിപ്പിക്കുന്നതിനും വായിച്ച് മനസ്സിലാക്കുന്നതിനും എഴുതി പ്രകടിപ്പിക്കുന്നതിനും ഉള്ള ശേഷി നേടുന്നു.

**2. സർഗ്ഗശേഷി**

ഇംഗ്ലീഷ് ഭാഷയിലെ കൃതികൾ വായിച്ചും കേട്ടും ആസ്വാദിക്കുന്നതിനും സാഹിത്യസൃഷ്ടി നടത്തുന്നതിനും ഉള്ള ശേഷി നേടുന്നു.

| മേഖല | പ്രവർത്തനം | ലക്ഷ്യം | കാലം | ഭൗതീകം | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| ഭാഷാപരമായ ശേഷികളുടെ വികസനം | **ലിസണിംഗ്**<br>അധ്യാപകർ ക്ലാസ്റൂം പ്രവർത്തനങ്ങൾ പൂർണ്ണമായും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതും വഴിയും അനുയോജ്യമായ ആഡിയോ കേൾപ്പിക്കുന്നതും വഴി ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിൽ കുട്ടികൾക്ക് താല്പര്യം വളർത്തുന്നതിന് മനസ്സിലാക്കുന്നതിനും ഉള്ള ശേഷി നേടുന്നു | ഒഴുക്കോടെ ഇംഗ്ലീഷ് ഭാഷ മനസ്സിലാക്കുന്നതിനുള്ള ശേഷി നേടുന്നു | ജൂൺ മുതൽ മാർച്ച് | മൊബൈൽ ലാപ്പ് ടോപ്പ് പെൻഡ്രൈവ് | |
| | **സ്പീക്കിംഗ്:**<br>* ഒഴുക്കോടെയും തെറ്റില്ലാതെയും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ അധ്യാപകർ സഹായിക്കുന്നു.<br>* ഇംഗ്ലീഷ് ക്ലബ് അംഗങ്ങൾ ഇംഗ്ലീഷിൽ തന്നെ ആശയ വിനിമയം നടത്തുന്നതിന് അധ്യാപകർ പ്രാപ്തരാക്കുന്നു<br>* ഇംഗ്ലീഷ് അസംബ്ലി മാസത്തിലൊരിക്കൽ നടത്തുന്നതു വഴി | * സഭാകമ്പമില്ലാതെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കുന്നു<br>* ഒഴുക്കോടെയും തെറ്റില്ലാതെയും ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനുള്ള | ജൂൺ മുതൽ മാർച്ച് | മൊബൈൽ ലാപ്പ് ടോപ്പ് റെക്കോഡിംഗ് സിസ്റ്റം | |

| മേഖല | പ്രവർത്തനം | ലക്ഷ്യം | കാലം | ഭൗതീകം | സാമ്പത്തികം |
|---|---|---|---|---|---|
| | സഭാകമ്പമില്ലാതെ ഇംഗ്ലീഷ് സംസാരിക്കുന്നതിന് പ്രാപ്തരാക്കുന്നു.<br><br>ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ സെലിബ്രേറ്റ് ചെയ്യുന്നതിനാൽ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ നിത്യ ജീവിതത്തിൽ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്നു | | | | |
| | **റീഡിംഗ്:** ഒഴിവു സമയങ്ങളിൽ മിടുക്കരായ കുട്ടികളുടെ സഹായത്തോടെ സ്ലോ ലേണേഴ്സ് -നെ ഇംഗ്ലീഷ് ഒഴുക്കോടെ കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു. വായനാ മത്സരം നടത്തുന്നതുവഴി കുട്ടികളെ വായനയിലേയ്ക്ക് അർപ്പിക്കുന്നു. | ഒഴുക്കോടെയും തെറ്റില്ലാതെയും<br><br>ആശയങ്ങൾ വായിക്കുന്നതിനും മനസ്സിലാക്കുന്നതിനും ഉള്ള ശേഷി നേടുന്നു | ജൂൺ മുതൽ ഒക്ടോബർ | റീഡിങ് കാർഡ്സ് | |
| | **റൈറ്റിംഗ്:** ഇംഗ്ലീഷ് ക്ലബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഗ്രാമറിന്റെ അടിസ്ഥാന ആശയങ്ങൾ എല്ലാ ക്ലാസുകളിലും എത്തിക്കുന്നു.<br><br>സൂചനാ ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ | | | | |

| മേഖല | പ്രവർത്തനം | ലക്ഷ്യം | കാലം | ഭൗതീകം | സാമ്പത്തികം |
|---|---|---|---|---|---|
| | സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു.<br>ക്ലാസ് തലത്തിൽ മിനി ഡിക്ഷണറി തയ്യാറാക്കുന്നു | വ്യാകരണതെറ്റില്ലാതെ ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ എഴുതി അനതരിപ്പിക്കുന്നതിനുള്ള ശേഷി നൽകുന്നു. | ജൂൺ മുതൽ മാർച്ച് | ചാർട്ട്പേപ്പർ പേന | |
| സർഗ്ഗാപരമായ ശേഷി വികസനം | **ആസ്വാദനം**<br>വ്യത്യസ്ത സാഹിത്യരൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ച് ആസ്വാദിക്കുന്നതിനുള്ള ശേഷി നേടുന്നു. | സർഗ്ഗശേഷി വികസനം | ജൂൺ മുതൽ മാർച്ച് | പുസ്തകങ്ങൾ | |
| | **സർഗ്ഗസൃഷ്ടി**<br>Anthology of Poems(based on different themes) | | ജൂലൈ മുതൽ മാർച്ച് | പേപ്പർ പേന കളർ പെൻസിൽ | |

## ഗവ യു പി എസ് വിതുര
## 5,6,7 ക്ലാസുകൾ – ഹിന്ദി
## മാസ്റ്റർ പ്ലാൻ

**ആമുഖം**

ദേശീയവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേരളം ത്രിഭാഷ പദ്ധതി പിൻതുടർന്നു വരുന്നു. അഞ്ചാംക്ലാസ് മുതലാണ് ഹിന്ദി പഠനം ആരംഭിക്കുന്നത്. രാജ്യത്തിന്റെ ബഹുഭാഷാത്വം വിദ്യാഭ്യാസ വിഷയത്തിൽ വലിയ സാധ്യതയായാണ് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് NCF 2000 നിരീക്ഷിച്ചുവരുന്നത്. കൂടുതൽ ഭാഷകൾ പഠിക്കുന്നതിലൂടെ ഉയർന്ന ആശയവിനിമയശേഷി നേടാനും സാംസ്കാരികമായ ഔന്നിത്യം കൈവരിക്കാനും കുട്ടികൾക്ക് കഴിയും. എന്നാൽ വിവിധ ഘട്ടങ്ങളിൽ വിവിധ ഭാഷകൾ പഠിച്ചുവരുന്ന നമ്മുടെ കുട്ടികൾക്ക് ഈ നേട്ടം കൈവരിക്കുവാൻ കഴിയുന്നുണ്ടോഎന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പുതിയ സാഹചര്യത്തിൽ സാഹചര്യത്തിൽ ഹിന്ദിഭാഷ പഠനത്തിന്റെ കാര്യത്തിൽ ശ്രദ്ധാപൂർവ്വമായ സമീപനം ആവശ്യപ്പെടുന്നു.

**ഹിന്ദിഭാഷ പഠനം – പ്രശ്നങ്ങൾ**

**അക്കാദമികം**

1. എല്ലാകുട്ടികളും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഭാഷാശേഷികൾ ആർജ്ജിക്കുവാൻ കഴിയുന്നില്ല. പ്രത്യേകിച്ചും മലയോര മേഖലയിലുള്ള കുട്ടികളിൽ ചിലർക്കെങ്കിലും ഭാഗീകമായി മാത്രമേ നേടുവാൻ കഴിയുന്നുള്ളൂ

2.പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവും വിദ്യാർത്ഥികേന്ദ്രീകൃതവും ICT അധിഷ്ഠിതവുമായ സൂക്ഷ്മാസൂത്രണം നിർവഹിക്കുന്നതിൽ ചില പരിമിതികൾ ഉണ്ട്.

3. സർഗാത്മക പ്രവർത്തനങ്ങളിൽ കൂടുതൽ കുട്ടികൾ ഇനിയും കടന്നു വരേണ്ടതുണ്ട്.

4. പ്രാഥമിക തലം മുതൽ ഹിന്ദി ഭാഷ പരിചയപ്പെടാനുള്ള അവസരങ്ങൾ ഒരുക്കേണ്ടതുണ്ട്.

5. ഹിന്ദി ഭാഷാന്തരീക്ഷം കൂടുതൽ സൃഷ്ടിക്കേണ്ടതുണ്ട്.

6. ഹിന്ദിഭാഷാപഠനത്തിന് കൂടുതൽ പരിഗണനകൾ ഉണ്ടാകേണ്ടത് ആവശ്യമാണ്.

7. ഭിന്നശേഷി കുട്ടികളുടെ പഠനത്തിനും മറ്റ് പ്രവർത്തനങ്ങൾക്കും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്.

**ഭൗതീകം**

1.ആധുനികമായ ലൈബ്രറികളും ക്ലാസ് ലൈബ്രറികളും ഒരുക്കേണ്ടതുണ്ട്.
2.ശിശു സൗഹൃദവും ഹിന്ദിപഠനത്തിന് പ്രേരകവുമായ ക്ലാസ്മുറികൾ സ്ഥാപിക്കേണ്ടതുണ്ട്.

**സാമൂഹികം**

വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതീകവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കൂടുതൽ പങ്കാളിത്തം ആവശ്യമുണ്ട്.

# ഹിന്ദി

## പരിഹാര പ്രവർത്തന വിശദാംശങ്ങൾ

1. പ്രീടെസ്റ്റ് : - കുട്ടികളുടെ പഠന നിലവാരം അറിയുന്നതിനുള്ള ശാസ്ത്രീയ രീതിയാണ്. ഭാഷാ ശേഷികൾ വിലയിരുത്തുന്നതിനുള്ള ഉചിതമായ സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്താൻ കഴിയും. കുട്ടികളുടെ പഠനപ്രശ്നങ്ങൾ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി രക്ഷിതാക്കളെ പഠനനില സംബന്ധിച്ച അവസ്ഥ ബോധ്യപ്പെടുത്തും.

2. പരിഹാരബോധനം:

പഠന പിന്നോക്കാവസ്ഥയും പഠന വിടവും സംഭവിച്ചിട്ടുള്ള കുട്ടികൾക്ക് ഉചിതമായ പിൻതുണപ്രവർത്തനങ്ങൾ നൽകി അടിസ്ഥാനശേഷി വികസിപ്പിക്കുവാനുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കും. അധികപഠനസമയം കണ്ടെത്തും.

3. സംഘപഠനം : ഒരു പഠന തന്ത്രമെന്ന നിലയിൽ കൂടുതൽ പഠന അവസരങ്ങൾ നൽകും

4. പഠനാസൂത്രണം : ഐ സി റ്റി അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായി സൂക്ഷ്മാസൂത്രണം നടത്തും. ഭിന്നശേഷികുട്ടികൾക്കായുള്ള പ്രത്യേക പഠനാസസൂത്രണവും റിസോഴ്സ് ടീച്ചേഴ്സിന്റെ സഹായം ഉപയോഗപ്പെടുത്തി പഠനപ്രവർത്തനങ്ങൾ തയ്യാറാക്കും.

5. കവിത ശില്പശാല

പാഠഭാഗങ്ങളിലെ കവിതകളും സമാനകവിതകളും ആസ്വദിക്കാനും ആശയങ്ങൾ ആഴത്തിൽ അറിയാനും അവസരമൊരുക്കും. ഏകദിനശില്പശാല സംഘടിപ്പിക്കും.

6. സർഗാത്മക ശില്പശാല : ( കഥ, ചിത്രരചന മുതലായവ)

കുട്ടികളുടെ സർഗാത്മക ശേഷികൾ പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ അവസരങ്ങൾ ഒരുക്കും. ശില്പശാലകൾ സംഘടിപ്പിക്കും

ഹിന്ദി 5,6,7 ക്ലാസുകൾ

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| •മുൻക്ലാസുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ ഭാഗികമായി മാത്രമേ നേടുന്നുള്ളൂ<br>• ഭാഷാന്തരീക്ഷം കൂടുതൽ ലഭിക്കേണ്ടതുണ്ട്.<br>• പാഠഭാഗങ്ങൾ ജീവിത ഗന്ധിയായി അനുഭവപ്പെടേണ്ടതുണ്ട്.<br>• ഉപഭാഷകൾ അന്യഭാഷയായി കാണുന്ന മനോഭാവം<br>• ചെറിയ ക്ലാസുകളിൽ ഹിന്ദി ഭാഷയുടെ അഭാവം ( എൽ പി വിഭാഗം)<br>**അധ്യാപകർ**<br>•കുട്ടികളുടെ ആധിക്യത്താൽ വ്യക്തിഗതശ്രദ്ധ നിരന്തരം നൽകുവാൻ കഴിയുന്നില്ല<br>•കുട്ടികളുടെ നിലവാര വ്യത്യാസം<br>**സംവിധാനം**<br>**സമയക്കുറവ്**<br>5-ാം ക്ലാസിന് 2 പീരിയഡ് പര്യാപ്തമല്ല<br>**രക്ഷിതാക്കൾ**<br>•വീടുകളിൽ പഠനാന്തരീക്ഷം ഉറപ്പാക്കേണ്ടതുണ്ട്.<br>•പഠനപ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധയുടെ അഭാവം<br>വിദ്യാഭ്യാസപരിമിതി | • അധ്യയനവർഷാരംഭത്തിൽ കാലനിർണയം നടത്തണം<br>• അടിസ്ഥാനഭാഷാശേഷികൾ നേടാനാവശ്യമായ പ്രവർത്തനങ്ങൾ നൽകുക<br>•എല്ലാകുട്ടികൾക്കും പങ്കാളിത്തം ലഭിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക<br>•ഭിന്നശേഷികുട്ടികൾക്ക് കൂടുതൽ പരിശീലനവും പരിഗണനയും നൽകുക<br>•ക്ലാസ്റൂം പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകമാക്കുക<br>•അധ്യാപക ശാക്തീകരണം കാലാകാലങ്ങളിൽ കാര്യക്ഷമമായി നടത്തുക<br>•പരിശീലന സാമഗ്രികൾ ലഭ്യമാക്കുക<br>•ഹിന്ദി പത്രം ലൈബ്രറി വഴി ലഭ്യമാക്കുക<br>• ലാംഗ്വേജ് ലാബ് സ്ഥാപിക്കുക<br>• ക്ലാസ് മാഗസിൻ തയ്യാറാക്കുക<br>• ഭാഷാലൈബ്രറി സ്ഥാപിക്കുക<br>•ക്ലബ് പ്രവർത്തനങ്ങൾ (ഫിലിം ക്ലബ്)<br>• ഹിന്ദി ന്യൂസ്, മറ്റ് ഹിന്ദി പ്രോഗ്രാമുകൾ, ഹിന്ദി സിനിമകൾ എന്നിവ കാണുക<br>• ഹിന്ദി സംസാരിക്കുവാനുള്ള അവസരം ഒരുക്കുക<br>•ഐസിറ്റി ഫലപ്രദമായി ഉപയോഗിക്കുക | •പ്രീടെസ്റ്റ്<br>• അടിസ്ഥാന ശേഷി വികസന പരിപാടികൾ<br>•പിയർഗ്രൂപ്പ് പ്രവർത്തനം<br>• പ്രക്രിയാബന്ധിതവും ഐ സി റ്റി അധിഷ്ഠിതവുമായ പാഠാസൂത്രണം<br>•കവിത, കഥ, ശില്പശാല<br>• പോസ്റ്റ് ടെസ്റ്റ് |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | നില നിർണയം | പ്രീടെസ്റ്റ് | | എസ് ആർ ജി | |
| 2. | വായന | അക്ഷരം തിരിച്ചറിയൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, അക്ഷരക്കാർഡുകളുടെ നിർമാണം, വായന, പദക്കാർഡുകളുടെ നിർമാണം, വായന,ബാലകവിതകൾ ചിത്രകഥകൾ എന്നിവയുടെ വായന ദേശീയഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, ദിവസങ്ങൾ,മാസങ്ങൾ, എന്നിവയുടെ പേരുകൾ സ്ഥിരമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കുന്നു. സൂചനബോർഡുകൾ ഹിന്ദിയിൽ സ്ഥാപിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | വിഷയസമിതി | 10,000/- |
| 3. | എഴുത്ത് | പ്രദർശന സാമഗ്രികളുടെ നിർമാണം ചുമർപത്രിക, പോസ്റ്റർ, മാഗസിൻ പദക്കാർഡുകൾ, വർക്ക് ഷീറ്റുകളുടെ നിർമാണം, സൂചനബോർഡുകൾ ഹിന്ദിയിൽ നിർമിക്കുന്നു | 1 വർഷം | വിഷയസമിതി പി.റ്റി.എ, എം.പി.റ്റി.എ, എസ് .എം .സി | 15,000/- |
| 4. | സ്വതന്ത്ര വായന പരിപോഷണം/ അർത്ഥപൂർണ വായന | അധികവായന സാമഗ്രികൾ നൽകൽ ക്ലാസ് ലൈബ്രറി തയ്യാറാക്കൽ വാർത്തകൾ തയ്യാറാക്കൽ, അവതരണം ( ഓഡിയോ, വീഡിയോ, എഴുത്ത്) | 1 വർഷം | വിഷയസമിതി പി.റ്റി.എ, എം.പി.റ്റി.എ, എസ് .എം .സി | |
| 5. | ദിനാചരണങ്ങൾ — | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ ഹിന്ദിയിൽ നടത്തുന്നു. പോസ്റ്റർ, ക്വിസ്, പ്രഭാഷണം, ആലാപനം, സ്കിറ്റ്, സന്ദേശകാവ്യങ്ങൾ വാർത്താവിവരണം വീഡിയോ | എല്ലാ മാസവും | വിഷയസമിതി | 5000/- |

# ഗവ.യു .പി .എസ് വിതുര
# സയൻസ് മാസ്റ്റർ പ്ലാൻ

ശാസ്ത്രത്തിന്റെ രീതി ജീവിതത്തിൽ ഉൾക്കൊള്ളുവാനും തന്റേതായ ചുറ്റുപാടിലെയും വിവിധങ്ങളായ പ്രശ്നങ്ങളിൽ കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സമീപിക്കുവാനും യുക്തിപൂർവ്വവും വിവേകപൂർവ്വമായി നിർധാരണം ചെയ്യുവാനും ഓരോരുത്തർക്കും കഴിയേണ്ടതുണ്ട്.

ശാസ്ത്രത്തെയും കപടശാസ്ത്രത്തെയും തിരിച്ചറിയുവാനും അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും മുൻവിധികളുടെ സ്വാധീനത്തിൽ നിന്നും മോചിതരാക്കുന്നതിനും ശാസ്ത്ര വിദ്യാഭ്യാസം കൊണ്ട് സാധിക്കണം. പുതിയ പാഠ്യപദ്ധതി പ്രകാരം പ്രക്രിയശേഷികൾക്ക് മുൻഗണന നൽകിക്കൊണ്ട് ശാസ്ത്രബോധമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിന് ശാസ്ത്രപഠനം അനിവാര്യമാണ്.

**ലക്ഷ്യങ്ങൾ**

പഠിതാക്കളിൽ ശാസ്ത്ര മനോഭാവവും വളർത്തുക
ശാസ്ത്ര അഭിരുചി വളർത്തുക
പരിസര നിരീക്ഷണങ്ങളിൽ പങ്കാളികളാവുക
പ്രകൃതി സംരക്ഷണത്തിൽ താൽപര്യം ജനിപ്പിക്കുക
ശാസ്ത്ര തത്വങ്ങൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുക

**ശാസ്ത്ര പഠനം - പ്രശ്നങ്ങൾ**

**അക്കാദമികം**

പ്രവർത്തന അധിഷ്ഠിതവും പ്രക്രിയ ബന്ധിതവും വിദ്യാർത്ഥികേന്ദ്രീകൃതവും ഐടി സി അധിഷ്ഠിതവുമായ സൂക്ഷ്മ ആസൂത്രണം നിർവഹിക്കുന്നതിൽ ചില പരിമിതികൾ ഉണ്ട്.

**ഭൗതീകം**

ശാസ്ത്ര പരീക്ഷണങ്ങൾ ക്ലാസ് മുറികളിൽ നൽകുന്നതിനായി ശാസ്ത്ര ലാബ് നവീകരിക്കേണ്ടതുണ്ട്.

**സാമൂഹികം**

വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതീകവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സമൂഹത്തിന്റെ കൂടുതൽ പങ്കാളിത്തം ആവശ്യമുണ്ട്.

# മേഖല -യു. പി ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്ര സമീപനങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിനായി പത്ത് പരീക്ഷണങ്ങൾ | 5,6,7 ക്ലാസുകളിലെ പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട 10 പരീക്ഷണങ്ങൾ എല്ലാ ക്ലാസുകളിലും നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പി ടി എ £ സ്റ്റാഫ് |
| 2 | പുഴയെ അറിയൽ | ജലസ്രോതസ്സുകൾ മലിനമായിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യങ്ങളും കാരണങ്ങളും മനസ്സിലാക്കുന്നതിനായി സയൻസ് ക്ലബിലെ കുട്ടികളെ സംഘടിപ്പിച്ച് പുഴനടത്തം | സെപ്റ്റംബർ മാസം | ശാസ്ത്ര അധ്യാപകർ | പി ടി എ £ സയൻസ് ക്ലബ് |
| 3. | പ്രോജക്ട് | കുട്ടികളിൽ സാധാരണ കണ്ടുവരുന്ന ചൂയിംഗം ഉപയോഗം കൊണ്ടുള്ള ദോഷങ്ങളും എന്നാൽ അവയുടെ ഉപയോഗവും എന്ന വിഷയം സയൻസ് ക്ലബിലെ കുട്ടികളെകൊണ്ട് ചെയ്യിക്കുന്നു | ഒക്ടോബർ | ശാസ്ത്ര അധ്യാപകർ | |
| 4 | ഔഷധതോട്ട നിർമ്മാണം | നമ്മുടെ ചുറ്റുപാടിൽ സുലഭമായി ലഭ്യമായിരുന്നതും എന്നാൽ ഇന്ന് വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നതുമായ ഔഷധസസ്യങ്ങളെ കണ്ടെത്തി ഒരു ഔഷധതോട്ട നിർമ്മാണം സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പി ടി എ സ്റ്റാഫ് |
| 5 | ഗ്രോബാഗ് നിർമ്മാണം | വീടുകളിൽ നിന്നും ഉപയോഗശൂന്യമായ ജീൻസ് പാന്റുകൾ പോലുള്ള കട്ടിയുള്ള തുണിത്തരങ്ങൾ ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മാണം എല്ലാ ക്ലാസ്സിലും നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6 | സയൻസ് കോർണർ | ശാസ്ത്രപുസ്തകവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന എല്ലാ സാമഗ്രികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സയൻസ് കോർണർ എല്ലാ ക്ലാസിലും സജ്ജീകരിക്കുന്നു | അക്കാദമിക വർഷമ | ശാസ്ത്ര അധ്യാപകർ | |

<u>ഗവ യു.പി.എസ് വിതുര</u>

**<u>5,6,7 ക്ലാസുകൾ- ഗണിതം</u>**

<u>മാസ്റ്റർ പ്ലാൻ</u>

ആമുഖം

ഓരോ വിഷയത്തിനും അതിന്റേതായ സ്വഭാവ സവിശേഷതകൾ ഉണ്ടായിരിക്കും. ശാസ്ത്രങ്ങളുടെ റാണിയായ ഗണിതശാസ്ത്രം മറ്റ് വിഷയങ്ങളിൽ നിന്നും വേറിട്ട് നിൽക്കുന്നു. അമൂർത്ത ആശയങ്ങൾക്കും, പ്രശ്നാപഗ്രഥനത്തിനും, യുക്തിചിന്തയ്ക്കും നൽകുന്ന പ്രാധാന്യം ഗണിതശാസ്ത്രത്തെ വ്യത്യസ്തമാക്കുന്നു. സംഖ്യകളിലൂടെ ലോകത്തെ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യുകയാണ് ഗണിതശാസ്ത്ര പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്. സംഖ്യകൾ, അളവുകൾ, രൂപങ്ങൾ, പാറ്റേണുകൾ എന്നിവയെല്ലാം ഗണിതശാസ്ത്രത്തിൽ ഉൾപ്പെടുന്നു. പ്രപഞ്ചഘടന മനസ്സിലാക്കാനും നമ്മുടെ ചുറ്റുപാടുമുള്ള ലോകത്തെ വിവരിക്കാനും ഇത് നമ്മളെ സഹായിക്കുന്നു.

ഗണിത പഠനത്തിന്റെ ആശയങ്ങളെല്ലാം നമ്മുടെ കുട്ടികൾക്ക് പൂർണ്ണമായും കൈവരിക്കാൻ കഴിയുന്നുണ്ടോ എന്ന് നമ്മൾ പരിശോധിക്കേണ്ടിയിരിക്കുന്നു. അതിനായി ശ്രദ്ധാപൂർവ്വമായ സമീപനം ആവശ്യമാണ്.

ഗണിതപഠനം -നേരിടുന്ന പ്രശ്നങ്ങൾ

<u>അക്കാദമികം</u>

എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതാശയങ്ങൾ എല്ലാം ആർജിക്കുവാൻ കഴിയുന്നില്ല.

പ്രവർത്തനാധിഷ്ഠിതവും, വിദ്യാർത്ഥികേന്ദ്രീകൃതവും, ഐ സി ടി അധിഷ്ഠിതവുമായ സൂക്ഷ്മ ആസൂത്രണം നിർവഹിക്കുന്നതിൽ ചില പരിമിതികൾ ഉണ്ട്.

പ്രാഥമിക തല മുതൽ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നത് കൂടുതൽ പരിഗണനകൾ ആവശ്യമാണ്.

<u>ഭൗതികം</u>

രസകരമായി ഗണിത പഠനം നിർവഹിക്കുന്നതിന് ഭൗതിക സാഹചര്യം ഉറപ്പാക്കേണ്ടതുണ്ട്. അതിനായി ഗണിതോപകരണങ്ങളും,ഗണിത ലാബും മറ്റും ആവശ്യമായി വരുന്നു. സ്കൂൾ ലൈബ്രറിയിൽ ഗണിതവുമായി ബന്ധപ്പെട്ട കൂടുതൽ പുസ്തകങ്ങൾ ആവശ്യമാണ്.

<u>സാമൂഹികം</u>

വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കൂടുതൽ സാമൂഹ്യ പങ്കാളിത്തം ആവശ്യമാണ്.

മേഖല : യു പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | വിദ്യാലയത്തിലെ സജ്ജമാക്കിയ ഗണിത ഫാക്ടറിയിൽ പഠനോപകരണങ്ങളുടെ നിർമ്മാണം | പാഠഭാഗങ്ങൾക്കനുസരിച്ച് - ആവശ്യാനുസരണം | ഗണിത അധ്യാപകർ<br>ഗണിത ക്ലബ്ബ് അംഗങ്ങൾ | ഗണിത ക്ലബ്ബ്<br>പി ടി എ |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ കണ്ടെത്തി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി ക്ലാസ് എടുക്കൽ | വർഷത്തിൽ ഒന്നോ രണ്ടോ തവണ | ഗണിത അധ്യാപകർ<br>ഗണിത ക്ലബ്ബ് | പി ടി എ |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | പഠനോപകരണ നിർമ്മാണവും കുട്ടികൾക്കും,രക്ഷിതാക്കൾക്കുമായി ശില്പശാലയും പ്രദർശനവും | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ<br>ഗണിത ക്ലബ്ബ് അംഗങ്ങൾ | ഗണിത ക്ലബ്ബ്<br>പി ടി എ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കൽ | ഗണിത ക്ലിനിക്:<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു മണിക്കൂർ | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

# സാമൂഹ്യശാസ്ത്രം
# യു. പി. വിഭാഗം 2025-26

## ആമുഖം

കേരളത്തിന്റെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കേരളത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ മനസ്സിലാക്കുന്നു. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. ഭൂപട വായന ഗ്ലോബ് പരിചയപ്പെടൽ എന്നിവയിലൂടെ ഇന്ത്യൻ സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് സാമൂഹ്യശാസ്ത്ര പഠനം സുഗമമാക്കുന്നു.

## ലക്ഷ്യങ്ങൾ

1. കേരളത്തിന്റെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കൽ
2. പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നതിന്
3. കുട്ടികളിൽ സഹാനുഭൂതി സഹകരണ ബോധം എന്നിവ വളർത്തിയെടുക്കുന്നതിന്
4. ഭൂപടത്തെക്കുറിച്ച് വ്യക്തമായ ധാരണ നേടുന്നതിന്
5. ഭൂപടത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെ സ്ഥാനം മനസ്സിലാക്കുന്നതിന്
6. ഗ്ലോബിൽ വൻകരകളും സമുദ്രങ്ങളും തിരിച്ചറിയുന്നതിന്
7. ഗ്ലോബിലെ അക്ഷാംശരേഖാംശ രേഖകൾ അവയുടെ സ്ഥാനം മറ്റു പ്രത്യേകതകൾ എന്നിവ തിരിച്ചറിയുന്നതിന്

# മേഖല: യുപി വിഭാഗം സോഷ്യൽ സ്റ്റഡീസ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലം/ സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കേരളത്തിന്റെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കൽ | സോഷ്യൽ സയൻസ് കോർണർ സജ്ജീകരിക്കുന്നു. നദികൾ, തലസ്ഥാനങ്ങൾ തുടങ്ങിയവ | മൂന്ന് മാസം (Oct to Dec) | SS Teachers | 1000/- |
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു | ഒരു ദിവസം | SS Club | |
| സഹജീവികളോടുള്ള സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും പ്രമുഖ വ്യക്തികളുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു, | ഒരു ദിവസം | PTA,<br>SS Club | |

| | | | | |
|---|---|---|---|---|
| 5,6,7 ക്ലാസുകളിലെ പാഠ്യപദ്ധതിയിൽ മാപ്പ് ഗ്ലോബ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള പഠന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. | 5,6,7 ക്ലാസുകളിലെ പാഠഭാഗങ്ങളിൽ ഗ്ലോബ് മാപ്പ് ഇവയുടെ പ്രാധാന്യം മനസ്സിലാക്കി കൊണ്ട് ക്ലാസ് റൂമിൽ അവതരിപ്പിക്കുന്നു നിരന്തര മൂല്യനിർണയത്തിനായി മാപ്പിലെ സംസ്ഥാനങ്ങളും ഗ്ലോബിലെ പ്രദേശങ്ങൾ ഏതെന്ന് കുട്ടികളോട് ചോദിക്കുന്നു. | ജൂൺ മുതൽ ജനുവരി രണ്ടാമത്തെ ആഴ്ച വരെ | SS Teachers | 10,000/- |
| ഗ്ലോബിലെ ദിശ അക്ഷാംശ രേഖാംശ രേഖകൾ ഇന്ത്യയുടെ സ്ഥാനം എന്നിവയെ കുറിച്ചുള്ള അറിവ് എല്ലാ കുട്ടികളിലും എത്തിക്കുക | ആഴ്ചയിൽ ഓരോ സംസ്ഥാനത്തെ പറ്റിയുള്ള വിവരങ്ങൾ കണ്ടെത്തി കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം നൽകുന്നു | ഒരാഴ്ച | SS Teachers | |
| ഇന്ത്യൻ ഭൂപടത്തിൽ ആകെ സംസ്ഥാനങ്ങൾ കേന്ദ്ര ഭരണ പ്രദേശങ്ങൾ നദികൾ ഭൂപ്രകൃതി തുടങ്ങിയവയെപ്പറ്റി കുട്ടികളിൽ അവബോധം ഉണ്ടാക്കുക | ഓരോ സംസ്ഥാനത്തിനും ഭൂപ്രകൃതി തലസ്ഥാനം ഭാഷ സാംസ്കാരികം വേഷവിധാനം ഭക്ഷണം തുടങ്ങിയ കാര്യങ്ങളെ കുറിച്ച് കണ്ടെത്തി ബുക്ക് തയ്യാറാക്കി റിപ്പബ്ലിക് ദിനത്തിൽ പ്രകാശനം ചെയ്യുന്നു. | ജൂൺ മുതൽ ജനുവരി വരെ | SS Teachers | 10,000/- |

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

ലക്ഷ്യങ്ങൾ

* ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിപ്പിക്കാനും, ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക.

* കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബിഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുന്നു.

* വായനയിലൂടെയും എഴുത്തുകളിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ക്ലാസ് മുറികളിൽ ഒരുക്കുന്നു.

* ഭാഷാ പഠനത്തിൽ ഐ.ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് ഒരുക്കുന്നു.

* ഭാഷാ പഠനത്തിൽ ഐ.ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുന്നു.

* സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുന്നു.

* ദിനങ്ങളെക്കുറിച്ചുള്ള പ്രാധാന്യം കുട്ടികളിൽ സൃഷ്ടിക്കുന്നു.

| നം | ലക്ഷ്യം/ ഉദ്ദേശം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബിഭാഷ പഠിക്കാനും, ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | മുന്നറിവ് പരിശോധിക്കൽ<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങൾ നിർമ്മിക്കൽ<br>ഭാഷാ കളികൾ | രണ്ട് മാസം | | അദ്ധ്യാപകൻ |
| 2. | കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാപഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുന്നു | വായനാമത്സരം | ആറ് മാസം | | അദ്ധ്യാപകൻ |
| 3. | വായനയിലൂടെയും എഴുത്തുകളിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക | പോസ്റ്ററുകൾ നിർമ്മിക്കൽ<br>ഭാഷ കേൾക്കാൻ അറബി വാർത്തകൾ കേൾപ്പിക്കുന്നു | എട്ട് മാസം | | അദ്ധ്യാപകൻ |

| നം. | ലക്ഷ്യം/ഉദ്ദേശം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 4. | ഭാഷാ പഠനത്തിൽ ഐ. ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | സാഹിത്യശകലങ്ങൾ<br>ചിത്രീകരണങ്ങൾ<br>കാർട്ടൂണുകൾ | ആറ് മാസം | | അദ്ധ്യാപകൻ |
| 5. | സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | സ്കൂളിലുള്ള പ്രതിഭകൾക്കുമാത്രം പോരാ എല്ലാവരും വിജയി എന്ന എന്ന നിലയ്ക്ക് സ്കൂളിലെ വ്യത്യസ്തതലങ്ങളിൽ മത്സരം നടത്തുക.<br>ഉദാ: ക്വിസ്, പദനിർമ്മാണം, ഗദ്യവായന, പദപ്പയറ്റ്, മെമ്മറിടെസ്റ്റ് | | | അദ്ധ്യാപകൻ |
| 6. | ദിനങ്ങളെക്കുറിച്ചുള്ള പ്രാധാന്യം സൃഷ്ടിക്കൽ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ട് പേപ്പറിൽ അദ്ധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ നിർമ്മിക്കണം<br>ഉദാ: ലോകപരിസ്ഥിതി ദിനം- ജൂൺ 5,<br>ലോകജലദിനം - മാർച്ച് 22<br>ലോക അറബിഭാഷാ ദിനം - ഡിസംബർ 18 | | | അദ്ധ്യാപകൻ |
| | | | | | |